8. ചീഫ് എഞ്ചിനീയർമാരുടെയും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടേയും അവലോകനയോഗം നടത്തി അപകടങ്ങൾ സംഭവിയ്ക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. ജില്ലാ കളക്ടർമാരുടെ ഉത്തരവാദിത്വത്തിൽ സേഫ്റ്റി കമ്മിറ്റി രൂപീകരിച്ചു അവലോകനം നടത്തുന്നുണ്ട്.

(ഡി) അപകടങ്ങൾ ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടെ താഴെ പറയുന്ന ആധുനിക സംവിധാനങ്ങൾ നടപ്പാക്കി വരുന്നുണ്ട്.

1. ഇൻസുലേറ്റ് ചെയ്ത "ഓവർ ഹെഡ് ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ" ഉപയോഗിക്കുന്നു.

2. കഴിയുന്നത്ര അണ്ടർഗ്രൗണ്ട് കേബിളുകൾ ഉപയോഗിക്കുന്നതിലേയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ എ. പി. ഡി. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. 'എർത്ത് ലീക്കേജ് പ്രൊട്ടക്ഷൻ' സംവിധാനമുള്ള എം. സി. സി. ബി. സർക്യൂട്ട് ബ്രേക്കർ ഉപയോഗിക്കുന്നു.

4. ലൈനുകൾക്ക് കീഴിൽ ഗാർഡിംഗ് ഉപയോഗിക്കുന്നു.

നികുതികൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

*10 [493] ശ്രീ. പി. എസ്. സുപാൽ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ നികുതികൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നികുതികൾ എത്ര കണ്ട് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ & ബി) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. 21-8-2003-ലെ സ.ഉ.(അ)നം. 256/03/തസ്വഭ. പ്രകാരം പ്രദർശന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. 25-7-2000-ലെ സ.ഉ.(പി)നം. 128/02/തസ്വഭ. പ്രകാരം പരസ്യ നിരക്കുകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly